ഉത്തരം

(എ) റവന്യൂ വകുപ്പിൻകീഴിൽ നേരിട്ടുള്ള നിയമനംവഴി നികത്താനുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 5-1-1993-ലെ ആർ.ഐ.എ (4) 15674/89/ജി.ഡബ്ല്യൂ. നമ്പർ പ്രകാരമുള്ള അഡൈസിലൂടെയാണ് ഏറ്റവും ഒടുവിൽ പി.എസ്.സി.വഴി ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചത്.

(സി) ഏറ്റവും ഒടുവിലത്തെ ലിസ്റ്റിൽനിന്നും 34 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്താൻ ഒഴിവുകളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

റവന്യൂ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ

10 [1420] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിർത്തലാക്കിയ തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കാമോ;

(സി) ഇത് ഏതെല്ലാം ഓഫീസുകളിലാണ് നിർത്തലാക്കിയത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) 590 തസ്തികകൾ നിർത്തലാക്കിയിട്ടിട്ടുണ്ട്.

(ബി) തസ്തികകൾ തിരിച്ച് ചുവടെ ചേർക്കുന്നു:

1.	ഡെപ്യൂട്ടി കളക്ടർ	.. 15	എണ്ണം
2.	തഹസിൽദാർ/സീനിയർ സൂപ്രണ്ട്	.. 30	എണ്ണം
3.	ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്	.. 28	എണ്ണം
4	ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ	.. 66	എണ്ണം
5.	അപ്പർ ഡിവിഷൻ ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ	.. 39	എണ്ണം
6.	ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്	.. 119	എണ്ണം
7.	എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റ്	.. 36	എണ്ണം
8.	ഹെയർ കോപ്പി സൂപ്രണ്ട്	.. 1	എണ്ണം
9.	ലാസ്റ്റ് ഗ്രേഡ് സർവന്റ്	.. 62	എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

10.	അറ്റൻഡർ	..	8	എണ്ണം
11.	റിവ്വേജ്മാൻ	..	33	എണ്ണം
12.	ടൈപ്പിസ്റ്റ് ക്ലാർക്ക്	..	2	എണ്ണം
13.	സർവ്വേയർ ഗ്രേഡ്-1	..	10	എണ്ണം
14.	സർവ്വേയർ-2	..	31	എണ്ണം
15.	ഡ്രാഫ്റ്റ്സ്മാൻ	..	23	എണ്ണം
16.	ചെയിൻമാൻ	..	80	എണ്ണം
17.	പാർട്ട് ടൈം സ്വീപ്പർ	..	7	എണ്ണം
	ആകെ	..	590	എണ്ണം

(സി) നിർത്തലാക്കിയ 15 ഡെപ്യൂട്ടി കളക്ടർ തസ്തികകളിൽ 13 എണ്ണം ഹൗസിംഗ് ഡെപ്യൂട്ടി കളക്ടർ വിഭാഗവും ഓരോന്നു വീതം തിരുവനന്തപുരം അപ്പലേറ്റ് അതോറിറ്റിയും കണ്ണൂർ എയർപോർട്ട് സ്പെഷ്യൽ ഓഫീസറുടേതുമാണ്. തഹസിൽദാർ തുടങ്ങിയുള്ള മറ്റ് തസ്തികകൾ താഴെ പറയുന്ന ഓഫീസുകളിൽ നിന്നാണ് നിർത്തലാക്കിയിട്ടുള്ളത്.

1. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) നമ്പർ 2 കൽപ്പറ്റ.
2. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), തരിയോട്.
3. സ്പെഷ്യൽ തഹസിൽദാർ (കെ.ഐ.പി.) നമ്പർ 2, അടൂർ.
4. സ്പെഷ്യൽ തഹസിൽദാർ (കെ.ഐ.പി.) നമ്പർ 2, കൊട്ടിയം.
5. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) കെ.ഐ.എ., നമ്പർ 1 ആന്റ് നമ്പർ 2 അങ്കമാലി.
6. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), എയർപോർട്ട്, കണ്ണൂർ.
7. സ്പെഷ്യൽ ഓഫീസർ, കണ്ണൂർ, എയർപോർട്ട്.
8. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), കണ്ണൂർ, എയർപോർട്ട്, മട്ടന്നൂർ.
9. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), എം. വി. ഐ. പി. ഇലഞ്ഞി.
10. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), എം. വി.. ഐ. പി. കല്ലൂർക്കാട്.
11. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), കെ. എസ്. എച്ച്. ബി. തിരുവനന്തപുരം.
12. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), കെ. എസ്. എച്ച്. ബി. എറണാകുളം.
13. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), കെ. എസ്. എച്ച്. ബി. കോഴിക്കോട്.
14. കെ. ഐ. പി. സർവെ യൂണിറ്റ്, കൊല്ലം.
15. സ്പെഷ്യൽ തഹസിൽദാർ (കെ. എൽ. ഡി. പി.), തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly

16. കാലിക്കറ്റ് ഡവലപ്പ്മെന്റ് അതോറിറ്റി.
17. ഐ.ഒ.സി. സ്പെഷ്യൽ സ്റ്റാഫ്, കോഴിക്കോട്.
18. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), കണ്ണൂർ, നേവൽ അക്കാഡമി.
19. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) നമ്പർ 1 കൽപ്പറ്റ.
20. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), എം. വി. ഐ. പി., അഞ്ചൽപ്പെട്ടി.
21. സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), ഐ. ബി. പി., വെറ്റിലപ്പാറ.
22. സ്പെഷ്യൽ തഹസിൽദാർ, ഒ.ഇ.സി.എഫ്., കോഴിക്കോട്.
23. സ്പെഷ്യൽ തഹസിൽദാർ, ഒ.ഇ.സി.എഫ്., കണ്ണൂർ.
24. പി.ആർ.ഡി. ഡയറക്ടറുടെ ഓഫീസ്, തിരുവനന്തപുരം.
25. പി.ആർ.ഡി. ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, കണ്ണൂർ.
26. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, കണ്ണൂർ.
27. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, ഇടുക്കി.
28. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, മലപ്പുറം.
29. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, ആലപ്പുഴ.
30. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, പാലക്കാട്.
31. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, കോട്ടയം.
32. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, തൃശ്ശൂർ.
33. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, കോഴിക്കോട്.
34. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, തിരുവനന്തപുരം.
35. ആർ.ആർ. സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ, കൊല്ലം.
36. സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ, കാർഡമം ഓഫീസ്, പീരുമേട്.
37. സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ, കാർഡമം ഓഫീസ്, ഉടുമ്പൻചോല.
38. സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ, കാർഡമം ഓഫീസ്, ദേവികുളം.
39. കാണം സെറ്റിൽമെന്റ് ഓഫീസ്, കോട്ടയം.
40. ടി.എൽ.ബി., കണ്ണൂർ.
41. സി.എസ്.ഒ., ദേവികുളം.
42. എ.എസ്.ഒ., കുമിളി.
43. ലാന്റ് ബോർഡ്, തിരുവനന്തപുരം.
44. ലാന്റ് ട്രിബ്യൂണൽ, കൊല്ലം.

LIBRARY ARCHIVES Kerala Legislative Assembly

45. ലാന്റ് ട്രിബ്യൂണൽ, പത്തനംതിട്ട.

46. ലാന്റ് ട്രിബ്യൂണൽ, തൊടുപുഴ.

47. ലാന്റ് ട്രിബ്യൂണൽ, കുഴൽമന്ദം.

48. ലാന്റ് ട്രിബ്യൂണൽ, മലപ്പുറം.

49. ലാന്റ് ട്രിബ്യൂണൽ, വടകര.

50. ലാന്റ് ട്രിബ്യൂണൽ, പേരാമ്പ്ര.

51. ലാന്റ് ട്രിബ്യൂണൽ, കാഞ്ഞങ്ങാട്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി

11 [1421] ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ:
,, വി. കെ. സി. മമ്മത് കോയ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) 2003-2004 വർഷം ഈ നിധിയിൽ നിന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനത്തിനായി എന്തു തുക വിനിയോഗിച്ചു;

(സി) പ്രസ്തുത വർഷം വരൾച്ചമൂലമുള്ള കൃഷി നാശത്തിന് നൽകാൻ വകയിരുത്തിയ തുക എത്ര; നൽകിയ തുക എത്ര;

(ഡി) ഈ വർഷം വെള്ളപ്പൊക്കംമൂലമുള്ള കൃഷിനാശങ്ങൾക്ക് നൽകാൻ വകയിരുത്തിയ തുക എത്ര; നൽകിയ തുക എത്ര;

(ഇ) പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച റോഡുകളുടേയും പാലങ്ങളുടേയും അറ്റകുറ്റപ്പണികൾക്കായി 2003-2004-ൽ എന്ത് തുക അനുവദിച്ചു; ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) 2003-2004 വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും ജില്ലകൾക്ക് അനുവദിച്ചത് 125.56 കോടി രൂപയാണ്.

(സി) വരൾച്ചമൂലമുള്ള കൃഷിനാശത്തിന് 2003-2004 വർഷം വകയിരുത്തിയിരുന്നത് 2.70 കോടി രൂപയാണ്. എന്നാൽ അനുവദിച്ചത് 21.44 കോടി രൂപയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly